# SACRED HEART UP SCHOOL

# ULLANAD

## ACCADEMIC MASTER PLAN 2025-'26

# അക്കാദമികം

- ദിനാചരണങ്ങൾ
- വ്യക്തിത്വവികസനക്ലാസ്സുകൾ
- കൗൺസിലിങ്
- ഭാഷ പരിജ്ഞാനം വളർത്താനുള്ള പദ്ധതികളുടെ ആവിഷ്കരണം
- മേളകളിലുള്ള സമ്പൂർണപങ്കാളിത്തം
- Radio News
- YOGA
- ZUMBA DANCE
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ
- ICT സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തൽ
- ക്ലബുകളുടെ മികവുറ്റ പ്രവർത്തനം

# ഭൗതികസാഹചര്യങ്ങൾ

- **ഗൗണ്ടിൻറെ നിലവാരം മെച്ചപ്പെടുത്തുക**
- **SHUTTLE COURT**
- **ലാബ് നവീകരണം**
- **ലൈബ്രറി നവീകരണം**
- **ജൈവപച്ചക്കറിത്തോട്ടം**
- **SMART CLASS ROOM ഒരുക്കൽ**
- **ക്ലാസ് മുറികളുടെ വിപുലീകരണം**
- **ഔഷധസസ്യത്തോട്ട നിർമാണം**
- **മെച്ചപ്പെട്ട ടോയ്ലറ്റ് സൗകര്യങ്ങൾ**
- **ഇലക്ട്രോണിക് സൗകര്യങ്ങൾ വിപുലീകരണം**

# വിദ്യാലയ ചരിത്രം

ഭരണങ്ങാനം പഞ്ചായത്തിലെ മൂന്നു വാർഡുകൾ ഉൾക്കൊള്ളുന്നതും വിസ്ത്രൃതവുമായ കരയാണ് ഉള്ളനാട്. കാർഷികവൃത്തിയിൽ എർപ്പെട്ടിരിക്കുന്ന ഇവിടുത്തെ ജനങ്ങൾക്ക് കഴിഞ്ഞ നൂറ്റാണ്ടിൽ തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസത്തിന് അയയ്ക്കുവാൻ ഏക അവലംബം കുടിപ്പള്ളിക്കൂടങ്ങൾ അഥവാ ആശാൻ കളരികൾ മാത്രമായിരുന്നു.ആശാന്മാരുടെ കീഴിൽ കുട്ടികൾ ഭാഷയും കണക്കും നീതിസാരവും മറ്റും പഠിക്കുകയും പ്രായോഗികജീവിതത്തിനു സജ്ജരാവുകയും ചെയ്തിരുന്നു. എങ്കിലും ഇത്തരം കുടിപ്പള്ളിക്കൂടങ്ങൾക്ക് പല പരിമിതികളും ഉണ്ടായിരുന്നു. ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യമോ അതിനുള്ള സാഹചര്യമോ ഇവിടെ ലഭിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ജനങ്ങൾ ബോധവാന്മാരായത്.

കഴിഞ്ഞ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഉള്ളനാട്ടിൽ മൂന്ന് പ്രൈമറി സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു.1916-ൽഉള്ളനാട് സൗത്ത് പ്രൈമറി സ്കൂളും 1917-ൽ ഉള്ളനാട് വെസ്ററ് പ്രൈമറി സ്കൂളും 1918- ഉള്ളനാട് നോർത്ത് പ്രൈമറി സ്കൂളും സ്ഥാപിതമായി. നാട്ടുകാരുടെ സഹകരണത്തോടുകൂടി വ്യക്തി മാനേജമെൻെറുകളാണ് ഈ സ്ഥാപനങ്ങൾ നടത്തിയിരുന്നത്. ഇവയിൽ നോർത്ത് പ്രൈമറി സ്കൂളുംഒന്നും രണ്ടും ക്ലാസ്സുകൾ മാത്രമായി പഴയപള്ളിയുടെ വടക്കുവശത്തുള്ള ഒരു ചെറിയ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്.

1934-ൽ ഉള്ളനാടുപള്ളിയിൽ അസി.വികാരിയായി നിയമിതനായ റവ.ഫാ.സിറിയക്ക് മുതുകാട്ടിൽ അവറുകളുടെ കാലത്ത് ഉള്ളനാട് നോർത്ത് പ്രൈമറി സ്കൂൾ പള്ളി എറ്റെടുക്കുകയും ഇപ്പോഴത്തെ സ്ഥലത്തേക്ക് പുതിയ കെട്ടിടം പണിത് മാറ്റി സ്ഥാപിക്കുകയും ഒന്നു മുതൽ നാലുവരെ ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തു. സ്കുളിൻെറ ആരംഭകാലത്ത് സ്ഥലവാസികളായ അധ്യാപകരെലഭിച്ചിരുന്നില്ല. എറ്റുമാനൂർ, കുടമാളൂർ, കോട്ടയം, കാണക്കാരി, അയ്മനം തുടങ്ങിയ സ്ഥലങ്ങളിൽനിന്നുമുള്ള അധ്യാപകരാണ് ഇവിടെ പഠിപ്പിച്ചിരുന്നത്. ഗവൺമെൻറിൽ നിന്നും ലഭിച്ചിരുന്ന തുച്ഛമായ ഗ്രാൻറും മനേജുമെൻറിൽ നിന്നും ലഭിച്ചിരുന്ന അലവൻസും വാങ്ങി

ദൂരസ്ഥലങ്ങളിൽനിന്നും വളരെ ത്യാഗം സഹിച്ച് ഇവിടെ വന്നു താമസിച്ച് അർപ്പണമനോഭാവത്തോടെ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്ന ആ വന്ദ്യഗുരുജനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഏകദേശം ഒരു നൂറ്റാണ്ടുകാലമായി നാടിൻെറ മക്കൾക്കുവേണ്ടി വിജ്ഞാനത്തിൻെറ വെളിച്ചം പകർന്നുകൊണ്ടിരിക്കുന്ന ഉള്ളനാട് നോർത്ത് പ്രൈമറി സ്കൂളാണ് ഇന്ന് സേക്രട്ട് ഹാർട്ട് യു.പി.സ്കുളായി തലയുയർത്തിനിൽക്കുന്നത്. എൽ.പി സ്കുൾ യു.പി സ്കുളായി ഉയർത്തിക്കിട്ടുന്നതിനുള്ളശ്രമങ്ങൾ വളരെ നേരത്തെ അരംഭിച്ചിരുന്നെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല.

റവ.ഫാ.അബ്രാഹം ചന്ദ്രൻകുന്നേൽ

പള്ളിവികാരിയായിരുന്നപ്പോൾ യു.പി.സ്കുൾ അനുവദിക്കാനുള്ള ശ്രമം വീണ്ടും ആരംഭിക്കുകയും ശ്രീമാന്മാരായ എ.വി.വർക്കി ഐക്കരക്കുന്നേൽ ,എം.എം.ജോസഫ് മുളക്കുന്നത്ത്,വി.ഒ.ഔസേപ്പ് വട്ടപ്പലത്ത്,കെ.എം.ദേവസ്യാ കളപ്പുരയ്ക്കൽ എന്നിവരെ കമ്മറ്റിയംഗങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തു.അന്നത്തെ പൂഞ്ഞാർ എം.എൽ.എ ബഹു.റ്റി.എ.തൊമ്മൻ അവറുകളുടെ സഹകരണത്തോടെയുള്ള ശ്രമഫലമായി 1962 -ൽ ഉള്ളനാട് നോർത്ത് എൽ.പി സ്കുൾ യു.പി.സ്കുുളായി അപ്ഗ്രേഡ് ചെയ്ത് ഗവൺമെൻറിൽ നിന്നും ഉത്തരവ് ലഭിക്കുകയും ആറാം സ്റ്റാൻഡേർഡ് ആരംഭിക്കുകയും ചെയ്തു.തുടർന്ന് ലികാരിയായി സ്ഥലംമാറിവന്ന റവ.ഫാ.ആഗസ്റ്റിൻ താമരശ്ശേരി പുതിയ കെട്ടിടം പണിക്ക് നേതൃത്വം നൽകി. പണിപൂർത്തികരിക്കുന്നതിനു മുമ്പ് അദ്ദേഹം സ്ഥലം മാറിപ്പോവുകയും റവ.ഫാ.തോമസ് മേൽവട്ടം അവർകൾ വികാരിയായി ചാർജ്ജെടുക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ ത്യാഗപൂർണ്ണവും നിസ്വാർത്ഥവുമായ പരിശ്രമത്തിൻെറ ഫലമാണ് ഇന്നു കാണുന്ന മനോഹരമായ യു.പി.സ്കുൾ കെട്ടിടം. ഇപ്പോൾ റവ.ഫാ. മാത്യു മതിലകത്ത് മാനേജരായി സ്കൂളിൻറ എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ചു വരുന്നു.ഹെഡ്മിസ്ട്രസ്സ് Sr.മേരി അഗസ്റ്റിൻ വിരമിച്ച ഒഴിവിൽ ശ്രീ വിൻസെൻറ് മാത്യൂസ് 01/06/2025ൽ ഹെഡ്മാസ്റ്റർ ആയി ചാര്ജടുത്തു

| | MALAYALAM | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| അക്ഷരത്തിളക്കം അക്ഷരങ്ങൾ കുറയ്ക്കാത്ത കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | ഒന്ന് രണ്ട് ക്ലാസ്സുകാർക്ക് മണലിൽ എഴുത്ത് ക്ലാസുകളിൽ അക്ഷര ചാർട്ട് | JUNE to JULY | |
| | പദകേളികൾ നൽകുന്നു | JULY to SEPTEMBER | |
| അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ | അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നു | JUNE to MARCH | |
| വായനയുടെ ലോകം വായനാശീലം വർദ്ധിപ്പിക്കുക | ദിവസവും പത്രവായനയും അതിനെ അടിസ്ഥാനമാക്കി അസംബ്ലിയിൽ ക്വിസ് മത്സരം നടത്തുന്നു | AUGUST to MARCH | |
| | മാസത്തിലൊരിക്കൽ ക്ലാസ് അടിസ്ഥാനത്തിൽ പുസ്തക ആസ്വാദനം നടത്തി തിരഞ്ഞെടുക്കപ്പെട്ടവർ അസംബ്ലിയിൽ അവതരിപ്പിക്കുന്നു | JUNE to MARCH | |
| സർഗ്ഗവേള സർഗ്ഗാത്മക കഴിവ് വളർത്തൽ | എല്ലാ വെള്ളിയാഴ്ചയും സർഗാത്മക പരിപാടികൾ ക്ലാസ് അടിസ്ഥാനത്തിൽ നടത്തുന്നു | NOVEMBER | |

| | | | |
|---|---|---|---|
| അഭിമുഖം ഭാഷാ നൈപുണി വളർത്തുന്നതിന്<br><br>സ്കൂൾതലം മാഗസിൻ രചന നൈപുണി വളർത്തുക<br><br>വായനാമൂല വായന വളർത്തുക<br><br>പ്രസംഗ ക്ലബ്ബ് പ്രസംഗകല വളർത്തുന്നതിന് | മാസാവസാന വെള്ളിയാഴ്ച സ്കൂൾതല സർഗ്ഗവേള നടത്തുന്നു കുട്ടികൾ തന്നെ സംഘാടകരാകാൻ അവസരം നൽകുന്നു<br><br>മലയാളഭാഷയിൽ വൈഭവവും തെളിയിച്ച ഒരു വ്യക്തിയെ അഭിമുഖം നടത്തുന്നു<br><br>കുട്ടികളുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു<br><br>ക്ലാസ് റൂമിൽ വായനാ മൂല നിർമ്മിച്ച പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു<br><br>മാസത്തിലൊരിക്കൽ ഏതെങ്കിലും ഒരു ദിനാചരണത്തോടനുബന്ധിച്ച് പ്രസംഗമത്സരം നടത്തുന്നു | NOVEMBER<br><br>JUNE to MARCH<br><br>JULY to MARCH | |

# ENGLISH

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| SPEAK EASY ENGLISH-<br>To speak English fluently with confidence<br><br>FLUENT FLOW-<br>Emphasizes the goal of achieving natural and smooth English speaking<br><br>ENGLISH DAY-<br>To speak English fluently<br><br>ENGLISH ASSEMBLY<br><br>DEBATES<br><br>MAGAZINE :<br>To develop writing skill<br><br>ENGLISH CORNER:<br>To develop reading skill<br><br>GALA OF ENGLISH<br><br>GAMES:<br>To develop speaking skill | English class on every Thursday and Friday 1:15 to1:45<br><br>On every Wednesday everyone speaks only English<br><br>Once in a week conducts English Assembly<br><br>Conducts debates in different subjects for class 5 to 7 once in a month<br><br>Picture description, story, poem<br><br>Gives English library books for reading<br><br>Special programme- magazine display,other English programmes- skit ,conversation<br><br>Gives picture description | JUNE toMARCH<br><br>JUNE to MARCH<br><br>JUNE To MARCH<br><br>DECEMBER to MARCH<br><br>JUNE to MAECH<br><br>JANUARY<br><br>JUNE to MARCH | |

# HINDI

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ<br><br>വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്ന തുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പഠിക്കുക<br><br>ആശയങ്ങൾ തെറ്റ കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാൻമക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം | അക്ഷരം എഴുത്ത് ചിഹ്നം ഉറപ്പിക്കൽ,<br>അക്ഷരകാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>അക്ഷരമാല പ്രദർശനം<br>വാക്കുകളുടെ നിർമ്മാണം<br>വാക്യങ്ങളുടെ നിർമ്മാണം<br><br>വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കൽ<br>ICTസഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br><br>ഹിന്ദി അസംബ്ലി<br>ദിനാചരണങ്ങൾ പ്രത്യേകിച്ച് സെപ്റ്റംബർ 14 ജനുവരി 10<br>ക്ലാസ് ലൈബ്രറി<br>അധിക വായന സാമഗ്രികൾ<br>ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>ചിത്രം- അടിക്കുറിപ്പ്,<br>കഥപറയൽ, | JUNE to AUGUST<br><br>SEPTEMBER to OCTOBER<br><br>NOVEMBER to FEBRUARY | |

| | | | |
|---|---|---|---|
| | കഥയെഴുത്തൽ, കഥ ബാക്കിയെഴുതൽ<br>വായനാ മൂല<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | | |

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ<br><br>ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം<br><br>ഗണിത ലാബ്<br><br>ഗണിത ചുമർ<br><br>ഗണിത മാഗസിൻ<br><br>ഒരു ദിനം ഒരു ചോദ്യം ക്യസ്യതി കണക്കുകളും ഗണിത ബസിലുകളും പരിചയപ്പെടുത്തൽ<br><br>പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം<br><br>ക്വിസ് | ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ ഗണിതശാസ്ത്ര പഠനം രസകരമാക്കൽ ഗണിത പഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ<br><br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ<br><br>കളികളും നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ<br><br>ഗണിത ചിന്താശേഷി വളർത്തൽ<br><br>ഗണിത ശേഷികളുടെ പ്രകടനം | 1 YEAR<br><br>ONCE IN A WEEK | |

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യപാഠത്തിന്റെ അടിസ്ഥാന വിവരങ്ങൾ സ്വായത്തമാക്കുക<br><br>ചരിത്ര അവബോധം ഉളവാക്കുക<br><br>ജനാധിപത്യ ശീലങ്ങൾ വളർത്തിയെടുക്കുക<br><br>സ്ഥലകാലനിർണയം രൂപപ്പെടുത്തുക | കേരളം ഇന്ത്യ എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങളും സമകാലീന വിവരങ്ങളും കുട്ടികൾക്ക് പറഞ്ഞുകൊടുത്ത് മാസത്തിൽ ഒരുതവണ ക്വിസ് നടത്തുന്നു<br><br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ പേരുകളും പ്രത്യേകതകളും ഐസിടി സാധ്യതയോടെ പ്രദർശനം നടത്തുകയും പഠനയാത്ര നടത്തുകയും ചെയ്യുന്നു<br><br>ക്ലാസ്, സ്കൂൾ പാർലമെൻറ് സംഘാടനം, ഗ്രാമസഭകളിലെ പങ്കാളിത്തം എന്നിവ വഴി<br><br>പത്രവായനയിലൂടെയും പുസ്തകങ്ങളിലൂടെയും പരിചയപ്പെടുന്ന | JUNE to MARCH<br><br>JANUARY to MARCH<br><br>MONTH<br><br>MONTH | |

| | | | |
|---|---|---|---|
| | പ്രദേശങ്ങളുടെ തലനിർണയം ഐസിടി സഹായത്തോടെയും കളികളിലൂടെയും രൂപപ്പെടുത്തുന്നു | | |

# BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക<br><br>ശുചിത്വ മനോഭാവം കുട്ടികളിൽ വളർത്തൽ<br><br>കാർഷിക അഭിരുചി കുട്ടികളിൽ വളർത്തുക<br><br>വരുംതലമുറയ്ക്ക് കൂടി ആവശ്യമായ വിഭവങ്ങൾ സംരക്ഷിക്കാൻ നാം ബാധ്യസ്ഥരാണ് എന്ന അവബോധം കുട്ടികളിൽ വളർത്തുക<br><br>പരസ്പര ആശ്രയത്വത്തിന്റെ | പ്രകൃതി നടത്തം പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ ഉള്ള പങ്കാളിത്തം ഉറപ്പാക്കൽ, വൃക്ഷത്തൈ നടീൽ, കിച്ചൻ ഗാർഡൻ, വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം പൂന്തോട്ട പരിപാലനം<br><br>വ്യക്തി ശുചിത്വം, പരിസര ശുചിത്വം, ക്ലാസ് റൂം ശുചിത്വം എന്നിവ അടിസ്ഥാനമാക്കി കുട്ടികൾക്ക് മാർക്ക് നൽകൽ<br><br>സ്കൂൾ പൂന്തോട്ടം, ചെടികളുടെ ചിത്രം, അടുക്കളത്തോട്ടം എന്നിവയുടെ പുരോഗതി ഫോട്ടോയെടുത്ത് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യൽ പരിസരത്തെ മികച്ച കർഷകനുമായി ഒരു അഭിമുഖം<br><br>പോസ്റ്ററുകൾ തയ്യാറാക്കി സ്കൂൾ പരിസരത്ത് സ്ഥാപിക്കുക | JUNE to MARCH<br><br>JULY to MARCH<br><br>AUGUST to SEPTEMBER<br><br>OCTOBER<br><br>JANUARY | |

| | | | |
|---|---|---|---|
| പ്രാധാന്യം തിരിച്ചറിയൽ<br><br>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം വളർത്തുക<br><br>സർഗ്ഗാത്മഗത കുട്ടികളിൽ വളർത്തുക | നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br><br>ലഘുപരീക്ഷണങ്ങൾ ഏർപ്പെടൽ<br><br>പതിപ്പ് തയ്യാറാക്കൽ, ആൽബം തയ്യാറാക്കൽ | FEBRUARY | |